

# ചിത്രത്തെരുവുകൾ

എം.ടി.വാസുദേവൻനായർ


സ്നേഹം ഒരു വസന്തമഴപോലെ പതിഞ്ഞു പെയ്ത ഒരു കാലത്തിന്റെ കഥ പറയുകയാണ് ഈ പുസ്തകത്തിൽ മലയാളത്തിന്റെ പ്രിയപ്പെട്ട എം.ടി. മലയാളസിനിമ നിസ്സംശയം വാരിപ്പുണർന്നവരും സിനിമയുടെ മായാവെളിച്ചങ്ങൾക്കിടയിൽ നിഴൽപോലുമാവാതെ മറഞ്ഞവരും എം.ടിയുടെ വാക്കുകളിലൂടെ ഇവിടെ സ്വന്തം ജീവിതമാഘോഷിക്കുന്നു.

ISBN 978-81-226-1138-0
₹180.00
കറന്റ് ബുക്സ് തൃശൂർ

ചിത്രത്തെരുവുകൾ
എം.ടി. വാസുദേവൻ നായർ

എം.ടി.വാസുദേവൻനായർ

# ചിത്രത്തെരുവുകൾ



19

College of Avian Sciences & Management
2519
LIBRARY
Thiruvazhamkunnu

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 2519 Call No.

This book should be returned on or before the date last given below.

| | | |
|---|---|---|
| | | |

Malayalam
**Chithratheruvukal**
Memories by
**M.T Vasudevan Nair**
1st Impression: October 2010
2nd Impression: February 2014
3rd Impression: January 2017
4th Impression: August 2017
Cover: Vinaylal
Illustration: Namboodiri
(Illustrated for Bhashaposhini)
Type Set: Current Books Thrissur
© Reserved
Printed at
Carmel Offset Printers Thrissur
Publishers
**Current Books Thrissur**-680 001 Keralam
e-mail: currentbooksthrissur@gmail.com
www.currentbooksthrissur.com
Distribution
**CosmoBooks**
Thrissur, Kochi, Kozhikode, Kottayam
Fax: 0487-2335642
Email: cosmobooks@asianetindia.com
**ISBN 978-81-226-1138-0**

All rights reserved. This work may not be translated or copied in whole or in part without the written permission of the publisher, except for brief excerpts in connection with reviews or scholarly analysis.

2185 CBT 2017-65-2000

# ചിത്രത്തെരുവുകൾ

(ചലച്ചിത്ര സ്മരണകൾ)

**എം.ടി. വാസുദേവൻനായർ**

**കറന്റ് ബുക്സ് തൃശൂർ**

## എം.ടി.വാസുദേവൻനായർ

പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലായ് 15ന് ജനനം.

അച്ഛൻ: ടി.നാരായണൻനായർ, അമ്മ: അമ്മാളുഅമ്മ. കുമരനെല്ലൂർ ഹൈസ്കൂളിൽ പ്രാഥമിക വിദ്യാഭ്യാസം. പാലക്കാട് വിക്ടോറിയ കോളേജിൽ നിന്ന് 1953-ൽ ബി. എസ്സി (കെമിസ്ട്രി) ബിരുദം. അദ്ധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത്, സിനിമാസംവിധായകൻ എന്നീ നിലകളിൽ പ്രശസ്തനായി. മുറപ്പെണ്ണ് എന്ന സിനിമയ്ക്ക് ആദ്യതിരക്കഥ എഴുതി. നിർമ്മാല്യം, കടവ്, ഒരു വടക്കൻ വീരഗാഥ, സദയം, പരിണയം തുടങ്ങിയ ചലച്ചിത്രങ്ങൾക്ക് ദേശീയ അവാർഡും, ഓളവും തീരവും, ബന്ധനം, ഓപ്പോൾ, ആരൂഢം, വളർത്തുമൃഗങ്ങൾ, അനുബന്ധം, തൃഷ്ണ, ഇടവഴിയിലെ പൂച്ച മിണ്ടാപൂച്ച, അമൃതം ഗമയഃ, പെരുന്തച്ചൻ, സുകൃതം, ഒരു ചെറുപുഞ്ചിരി, തീർത്ഥാടനം എന്നിവയ്ക്ക് സംസ്ഥാന ബഹുമതികളും ലഭിച്ചു. തിരക്കഥയെഴുതി സംവിധാനം ചെയ്ത 'കടവ്' സിങ്കപ്പൂർ, ജപ്പാൻ എന്നിവിടങ്ങളിൽ നടന്ന ചലച്ചിത്രോത്സവങ്ങളിലും അവാർഡുകൾ നേടി. മലയാള സിനിമയ്ക്ക് നൽകിയ സംഭാവനകൾക്ക് പ്രേംനസീർ അവാർഡ് ലഭിച്ചിട്ടുണ്ട്. നല്ല സീരിയലിനുള്ള 1996 ലെ കേരളസംസ്ഥാന ടെലിവിഷൻ അവാർഡ് നാലുകെട്ടിന് ലഭിച്ചു. രണ്ടാമൂഴം വയലാർ അവാർഡും മുട്ടത്തുവർക്കി ഫൗണ്ടേഷൻ അവാർഡും നേടി. നാലുകെട്ട്, സ്വർഗ്ഗം തുറക്കുന്ന സമയം, ഗോപുരനടയിൽ എന്നീ കൃതികൾക്ക് കേരള സാഹിത്യ അക്കാദമി അവാർഡും കാലം എന്ന നോവലിന് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും, വാനപ്രസ്ഥത്തിന് ഓടക്കുഴൽ അവാർഡും ലഭിച്ചിട്ടുണ്ട്. 1996-ൽ ജ്ഞാനപീഠം പുരസ്കാരത്തിനർഹനായി. കാലിക്കറ്റ് സർവ്വകലാശാലയും മഹാത്മാഗാന്ധി സർവ്വകലാശാലയും 1996-ൽ ഓണററി ഡി.ലിറ്റ് ബിരുദം നല്കി ആദരിച്ചു. 2005-ലെ പത്മഭൂഷൺ ലഭിച്ചു. 2005-ൽ കേരള സാഹിത്യ അക്കാദമിയുടെ വിശിഷ്ടാംഗത്വം ലഭിച്ചു. 2011-ൽ കേരള സർക്കാരിന്റെ എഴുത്തച്ഛൻ പുരസ്ക്കാരത്തിന് അർഹനായി. 2013-ൽ കേന്ദ്ര സാഹിത്യ അക്കാദമി ഫെലോഷിപ്പ് നല്കി ആദരിച്ചു. മാതൃഭൂമി പീരിയോഡിക്കൽസ് പത്രാധിപർ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ്, കേന്ദ്ര സാഹിത്യ അക്കാദമി എക്സിക്യൂട്ടിവ് മെമ്പർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഫിലിം ഫിനാൻസ് കോർപ്പറേഷൻ, നാഷണൽ ഫിലിം ഡവലപ്മെന്റ് കോർപറേഷൻ, ഫിലിം സെൻസറിങ് കമ്മറ്റി എന്നിവയിൽ അംഗമായിരുന്നിട്ടുണ്ട്. 1998 ലെ ഇന്ത്യൻ പനോരമ ചെയർമാനായിരുന്നു. 2008 -ൽ കൊൽക്കത്ത നേതാജി ഓപ്പൺ യൂണിവേഴ്സിറ്റി ഡി. ലിറ്റ് നൽകി ആദരിച്ചു. ഇപ്പോൾ തുഞ്ചൻ സ്മാരക സമിതി അദ്ധ്യക്ഷൻ. സാഹിത്യ-സാംസ്കാരിക രംഗത്തെ വിവിധ മേഖലകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

പ്രധാനകൃതികൾ: മഞ്ഞ്, കാലം, നാലുകെട്ട്, അസുരവിത്ത്, വിലാപയാത്ര, പാതിരാവും പകൽവെളിച്ചവും, അറബിപ്പൊന്ന്, രണ്ടാമൂഴം, വാരാണസി (നോവലുകൾ) ഇരുട്ടിന്റെ ആത്മാവ്, ഓളവും തീരവും, കുട്ട്യേടത്തി, വാരിക്കുഴി, പതനം, ബന്ധനം, സ്വർഗ്ഗം തുറക്കുന്ന സമയം, നിന്റെ ഓർമ്മയ്ക്ക്, വാനപ്രസ്ഥം, എം.ടിയുടെ തിരഞ്ഞെടുത്ത കഥകൾ, ഡാർ എസ്. സലാം, രക്തം പുരണ്ട മൺതരികൾ, വെയിലും നിലാവും, കളിവീട്, വേദനയുടെ പൂക്കൾ, ഷെർലക്ക് (കഥകൾ) ഗോപുരനടയിൽ (നാടകം) കാഥികന്റെ കല, കാഥികന്റെ പണിപ്പുര, ഹെമിംഗ്വേ ഒരു മുഖവുര, കണ്ണാന്തളിപ്പൂക്കളുടെ കാലം (പ്രബന്ധങ്ങൾ) ആൾക്കൂട്ടത്തിൽ തനിയെ (യാത്രാവിവരണം), എം.ടി.യുടെ തിരക്കഥകൾ, പഞ്ചാഗ്നി, നഖക്ഷതങ്ങൾ, വൈശാലി, പെരുന്തച്ചൻ, ഒരു വടക്കൻ വീരഗാഥ, നഗരമേ നന്ദി, നിഴലാട്ടം, ഒരു ചെറുപുഞ്ചിരി, നീലത്താമര, പഴശ്ശിരാജ (തിരക്കഥകൾ) സ്നേഹാദരങ്ങളോടെ, അമ്മയ്ക്ക് (ഓർമ്മകൾ) ചിത്രത്തെരുവുകൾ (ചലച്ചിത്രസ്മരണകൾ) ഇംഗ്ലീഷിലേക്കും ഇതരഭാഷകളിലേക്കും കൃതികൾ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

വിലാസം: സിതാര, കൊട്ടാരം റോഡ്, കോഴിക്കോട്-673 006

# പിന്നിട്ട ചില വഴിയോരങ്ങൾ

പ്രേംനസീറിനെപ്പറ്റി ഒരു പുസ്തകം തയ്യാറാക്കുന്നു. അതിൽ ചേർക്കാൻ എന്റെ ലേഖനം വേണം. ഏതിലാണ് ഞാൻ അത് എഴുതിയത് എന്നറിയിച്ചാൽ തിരഞ്ഞ് പിടിക്കാം എന്നുപറഞ്ഞ് വന്നത് മൺമറഞ്ഞുപോയ പത്രപ്രവർത്തകൻ ടി.എച്ച്. കോടമ്പുഴയായിരുന്നു. അയാൾ അത് എവിടെയോ വായിച്ചിട്ടുണ്ട്. ഏതിലാണെന്ന് ഓർമ്മയില്ല. ഞാൻ ആലോചിച്ചു നോക്കി. മൂന്ന് സന്ദർഭങ്ങളിൽ ഞാൻ നസീറിനെപ്പറ്റി പ്രസംഗിച്ചിട്ടുണ്ട്. ആ റിപ്പോർട്ടുകളുടെ ഓർമ്മയിലായിരിക്കണം കോടമ്പുഴ പറഞ്ഞത്. അപ്പോഴാണ് ഞാൻ മനസ്സിലാക്കുന്നത്. അനുസ്മരണ പ്രഭാഷണങ്ങൾ നടത്തിയതല്ലാതെ ഞാൻ അദ്ദേഹത്തെപ്പറ്റി എഴുതിയിട്ടില്ല. അതൊരുതെറ്റായി തോന്നി. മുമ്പേ എഴുതേണ്ടതായിരുന്നു. കാരണം അത്രയേറെ അടുപ്പം അദ്ദേഹവുമായി ഉണ്ടായിരുന്നു. ആ സൗഹൃദത്തിന്റെ ആരംഭം എന്റെ ചലച്ചിത്ര ജീവിതത്തിന്റെ ആരംഭവുമായി വളരെയേറെ ബന്ധപ്പെട്ട് കിടക്കുന്നു.

പെട്ടെന്ന് നിശ്ചയിച്ച ഒരു ശസ്ത്രക്രിയക്ക് വിജയാ ഹോസ്പിറ്റലിലെ ഓപ്പറേഷൻ തിയേറ്ററിലേക്ക് എന്നെ കൊണ്ടുപോകുമ്പോൾ സ്ട്രെച്ചറിന്റെ കൂടെ നടന്നിരുന്നത് പ്രേംനസീറായിരുന്നു. മണിക്കൂറുകൾക്ക് ശേഷം ബോധം തെളിയുമ്പോൾ കണ്ടതും അദ്ദേഹത്തിന്റെ മുഖമാണ്. മന്ദസ്മിതത്തിലൂടെ ആശ്വസിപ്പിക്കുന്ന മുഖം. അദ്ദേഹത്തെപ്പറ്റി എഴുതാൻ തുടങ്ങിയപ്പോൾ സിനിമയുടെ ഒരു കാലഘട്ടം എന്റെ ഓർമ്മകളിൽ തെളിയുകയായിരുന്നു. ശോഭനാ പരമേശ്വരൻ നായരുമായുള്ള സുദീർഘമായ സൗഹൃദത്തിന്റെ ചരിത്രവും അവിടെ നിന്നാണ് തുടങ്ങുന്നത്.

ചലച്ചിത്രജീവിതത്തിന്റെ ക്രമാനുഗതമായ ചരിത്രമല്ല ഈ പുസ്തകം: അതെഴുതുമ്പോൾ ദുഃഖത്തിന്റെയും രോഷത്തിന്റെയും അധ്യായങ്ങൾ കുറെയേറെ എഴുതേണ്ടിവരും. അതാവശ്യമില്ലെന്ന് തോന്നി. എന്റെ ജീവിതത്തെ സ്നേഹം കൊണ്ട് സമ്പന്നമാക്കിയ ചിലരെപ്പറ്റി എഴുതേണ്ടതുണ്ട്. അവരിൽ പലരും അത്രയൊന്നും വിഖ്യാതരല്ല. പക്ഷെ അവരെപ്പറ്റിയുള്ള ഓർമ്മകൾ കുറിച്ചിടാതെ വയ്യ. അങ്ങനെയാണ് പ്രേംനസീറിനെപ്പറ്റി എഴുതിയതിന് ശേഷം ഞാൻ കൃഷ്ണാബായ് തെരുവിലെ വാസുവണ്ണന് ഒരു പ്രണാമം അർപ്പിയ്ക്കാൻ ഒരുങ്ങിയത്. ഭാഷാപോഷിണിയിലെ കെ.സി. നാരായണന്റെ സ്നേഹപൂർവ്വമായ നിർബന്ധം കൊണ്ട് കൂടിയാണ് ഒരു കൊല്ലത്തിലേറെക്കാലം ഞാൻ കൃത്യമായി എഴുതിക്കൊണ്ടിരുന്നത്. വലതു കയ്യിന്റെ നടുവി

രലിന് ഒരു ക്ഷതം പറ്റിയ സമയത്ത് എഴുതിയെടുക്കാൻ ക്ഷമാപൂർവ്വം സഹായിച്ചത് എൻ.പി. വിജയകൃഷ്ണനാണ്.

നാരായണന് നന്ദി. വിജയകൃഷ്ണന് നന്ദി– ചിത്രങ്ങൾ വരയ്ക്കുംമുമ്പ് വായിച്ച് "നിർത്തരുത്. നിർത്താതെ ഇനിയും കുറെക്കാലം കൊണ്ടുപോണം" എന്ന് ഉത്സാഹപൂർവ്വം സന്ദേശമെത്തിച്ചിരുന്ന ആർട്ടിസ്റ്റ് നമ്പൂതിരിക്ക് നന്ദി.



## ഉള്ളടക്കം


കൃഷ്ണാബായ് തെരുവിലെ അണ്ണൻ ........ 9
ഒരു നായകന് നന്ദിപൂർവം ........ 20
റോയപ്പേട്ട പോലീസിന്റെ ആതിഥ്യം ........ 41
അസുരായനം: ഓർമ്മകളിലെ സത്യൻ ........ 47
ഇരക്കേണ്ടിവരുന്ന വെളിച്ചപ്പാട് ........ 56
വിടവാങ്ങിയവരുടെ ഓർമയ്ക്ക് ........ 66
അകലെനിന്നും ഒരു സംഘഗാനം ........ 72
ദേവലോകത്തിലെ വെയിലും ചൂടും ........ 79
എഴുത്തുമേശ ഇടാൻ ഒരു സ്ഥലം ........ 96
ചന്ദ്രേട്ടൻ: ചെറിയവേഷങ്ങളിലെ വലിയ മനുഷ്യൻ ........ 112
ഏതോ ചില വസന്തയോഗങ്ങൾ ........ 120
കഥയ്ക്ക് ഒരു കൺസെഷൻ ടിക്കറ്റ് ........ 136
സ്നേഹത്തിന്റെ കടവുകൾ ........ 148
കരിയാതെരിയുന്ന ചില കനലുകൾ ........ 161
ബഹുജനഹിതായ ........ 173
മഴവില്ലിന്റെ ചുവട്ടിലെ നിധി ........ 178